# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 139 09.06.2014 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവള ടെർമിനൽ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ: | | | കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | മിഷൻ 676 പദ്ധതിയിലെ നവരത്ന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കണ്ണൂർ വിമാനത്താവള നിർമ്മാണ പദ്ധതി യുടെ തുടർപ്രവർത്തനങ്ങൾക്കായുള്ള വർക്ക്ഷെഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത് എപ്രകാരമാണെന്നു വ്യക്തമാക്കുമോ ; | (എ) | നവരത്ന പദ്ധതിയിലുൾപ്പെട്ട കണ്ണൂർ വിമാനത്താവളത്തിന്റെ തുടർപ്രവർത്തനങ്ങൾക്ക് വർക്ക് ഷെഡ്യൂൾഡ് തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം വിമാനത്തിന്റെ പരീക്ഷണപറക്കൽ 2015 ഡിസംബർ മാസത്തിലും, എയർപോർട്ട് കമ്മീഷനിംഗ് (വാണിജ്യാടിസ്ഥാനത്തിലുള്ള കമ്മീഷനിംഗ്) 2016 മെയ് മാസത്തിലുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഇതു പ്രകാരം ടെർമിനൽ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്നു വ്യക്തമാക്കുമോ; | (ബി) | ടെർമിനൽ നിർമ്മാണം 2014 ജൂലൈ 5 ന് ആരംഭിക്കും. |
| (സി) | ടെർമിനൽ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ ; | (സി) | ടെർമിനൽ ഉൾപ്പെടെ കണ്ണൂർ വിമാനത്താവള നിർമ്മാണം പൂർത്തിയാവുന്നത് കരാർ പ്രകാരം 2016 മെയ് മാസത്തിൽ ആണ്. എന്നാൽ കരാർ വ്യവസ്ഥയിൽ മെയ് 16ന് മുമ്പ് പണി പൂർത്തിയായാൽ കരാർ കമ്പനിക്ക് ബോണസ് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | ടെർമിനൽ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ? | (ഡി) | ടെർമിനൽ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. 2014 ജൂൺ 21 ന് ടെണ്ടർ തുറന്ന് ജൂലൈ 5നകം തന്നെ വർക്ക് അവാർഡ് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ